കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി-എ.ഡി.എസ് 2016-17 – കരുനാഗപ്പള്ളി നിയോജക മണ്ഡലം - ആസ്തി വികസന നിധിയിൽ നിന്നും ഭരണാനുമതി ലഭിച്ച കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ മരങ്ങാട്ടുമുക്ക്-കെട്ടിടത്തിൽകടവ് റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയ്ക്ക് പകരം കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ കെട്ടിടത്തിൽകടവ് റോഡ് റീടാറിങ്ങും കെട്ടിടത്തിൽകടവ് ബോട്ട്ജെട്ടി നിർമ്മാണവും എന്ന പ്രവൃത്തി - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 207/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 22.01.2018.

---

വായന :- 1 11/06/2012-ലെ സ. ഉ (അച്ചടി )332/12/ധന നമ്പർ ഉത്തരവ്

2 12/04/17-ലെ സ. ഉ (ആർ.റ്റി )1145/2017/ത സ്വ ഭ വ നമ്പർ ഉത്തരവ്

3 ശ്രീ .ആർ. രാമചന്ദ്രൻ എം.എൽ.എയുടെ 25/04/2017 ലെ കത്ത്

4 തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.07.2017 ലെ ഡിബി1-12646/16/സി.ഇ/തസ്വഭവ നമ്പർ കത്ത്

5 ഇൻലാൻഡ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ, റീജിയണൽ ഓഫീസ്, എറണാകുളം, ചീഫ് എഞ്ചിനീയറുടെ 27.12.2017 ലെ IWAI/COCH/12(2)/2016-17/890 നമ്പർ കത്ത്.

## ഉത്തരവ്

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ആർ. രാമചന്ദ്രൻ എം.എൽ.എയുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മരങ്ങാട്ടുമുക്ക്-കെട്ടിടത്തിൽകടവ് റോഡ് റീടാറിംഗ് - കുലശേഖരപുരം ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയ്ക്ക് മുകളിൽ രണ്ടാമതായി വായിച്ച ഉത്തരവ് പ്രകാരം 18 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് ലഭ്യമായ ഭരണാനുമതി റദ്ദ് ചെയ്ത് പകരം കുലശേഖരപുരം ഗ്രാമ പഞ്ചായത്തിലെ കെട്ടിടത്തിൽകടവ് റോഡ് റീടാറിങ്ങും കെട്ടിടത്തിൽകടവ് ബോട്ട്ജെട്ടി നിർമ്മാണവും എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം ശ്രീ. ആർ. രാമചന്ദ്രൻ എം.എൽ.എ. നിർദ്ദേശിച്ചിരുന്നു. ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി 18,36,000/- രൂപയുടെ എസ്റ്റിമേറ്റ് മുകളിൽ നാലാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ടി പ്രവൃത്തി ചെയ്യുന്നതിന് മുകളിൽ അഞ്ചാമതായി വായിച്ച കത്ത് പ്രകാരം ഇൻലാൻഡ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും

എൻ.ഒ.സി. ലഭിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ആർ.രാമചന്ദ്രൻ എം എൽ എ യുടെ ആസ്തി വികസന നിധിയിൽ നിന്നും 18 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ മരങ്ങാട്ടുമുക്ക്-കെട്ടിടത്തിൽകടവ് റോഡ് റീടാറിംഗ് എന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരം കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ കെട്ടിടത്തിൽകടവ് റോഡ് റീടാറിങ്ങും കെട്ടിടത്തിൽകടവ് ബോട്ട്ജെട്ടി നിർമ്മാണവും എന്ന പ്രവൃത്തിയ്ക്ക് 18.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ഇതു സംബന്ധിച്ച ചെലവ് "4515-00-800-96-പ്രോജക്റ്റ്സ് അണ്ടർ എൽ എ സി -എ ഡിഎസ് "എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. രാമചന്ദ്രൻ , എം.എൽ.എ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ, റീജിയണൽ ഓഫീസ്,മരട്, എറണാകുളം-682304 .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കുലശേഖരപുരം ഗ്രാമപഞ്ചായത്ത്, കൊല്ലം .
ഫിനാൻസ് വകുപ്പ് (അനൗദ്യോഗിക കത്ത് നം. .894/എൻ.ബി.2/2016/ധന തീയതി 16.01.2018)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ